പതിന്നാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2959 — 18/06/2018 ൽ മറുപടിക്ക്

## സർക്കാർ ഭൂമിയുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ ഏജൻസിയെ റീസർവ്വേ ഏൽപ്പിക്കുന്നത് മൂലം സർക്കാർ ഭൂമി നഷ്ടപ്പെടാൻ സാദ്ധ്യതയുള്ളതിനാൽ, സർക്കാർ ഭൂമിയുടെ സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് ഓരോ വില്ലേജിലും ഒരു സ്ഥിരം സർവ്വേയറെ വീതം നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വെ സ്കൂളിൽ നിന്ന് സർവെ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തി നടത്തുന്നതിനും വാലിഡേഷൻ ജോലികൾ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിക്കുന്നതിനും തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ സർക്കാർ ഭൂമി നഷ്ടപ്പെടാതെ സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് സാധിക്കും. ഓരോ വില്ലേജിലും സ്ഥിരമായി സർവ്വെ ജീവനക്കാരെ നിയമിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) ജന്മം ഭൂമി കൈവശം വെച്ച് കൃഷി ചെയ്യും വീടുവെച്ചും ജീവിക്കുന്ന കർഷകർക്കും കർഷക തൊഴിലാളികൾക്കും പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ? | (ബി) 1963 ലെ കേരള ഭൂപരിഷ്കരണ നിയമ പ്രകാരം 01.01.1970 നു മുമ്പ് ഒരു ജന്മിയുടെ കീഴിൽ ജന്മിയുമായി പാട്ടഉടമ്പടിയിൽ ഭൂമി കൈവശം വയ്ക്കുന്ന കുടിയാന്മാർ, കുടികിടപ്പുകാർ, കാരായ്മക്കാർ തുടങ്ങിയവർക്ക് അവർ കൃഷി ചെയ്തു വരുന്ന ഭൂമിക്ക് ക്രയസർട്ടിഫിക്കറ്റ് (പട്ടയം) ലഭിക്കാൻ അവകാശമുണ്ട്. ഭൂമിയുടെ ഇപ്പോഴത്തെ കൈവശക്കാരനോ അദ്ദേഹത്തിന്റെ മുൻഗാമിയോ പ്രസ്തുത ഭൂമിയുടെ ജന്മിയുമായി 01.01.1970 നു മുമ്പ് ഒരു പാട്ടബന്ധത്തിൽ അല്ലെങ്കിൽ കുടികിടപ്പ് വ്യവസ്ഥയിൽ ഭൂമി കൈവശം വച്ച് വരുന്നവർ ആയിരിക്കണം. ഇത്തരത്തിലുള്ളവർക്ക് ക്രയസർട്ടിഫിക്കറ്റിനായി ലാൻഡ് ട്രൈബ്യൂണലുകളിൽ കേസ് ഫയൽ ചെയ്യാവുന്നതുമാണ്. ജന്മിക്കും കക്ഷികൾക്കും നോട്ടീസ് നൽകുക, പാട്ട ബന്ധമുണ്ടായിരുന്നുവോ എന്ന് തെളിവെടുപ്പ് നടത്തുക, വിചാരണ നടത്തുക |

തുടങ്ങിയ നിയമാനുസരണ നടപടികൾ സ്വീകരിച്ച് അർഹതയുണ്ടെങ്കിൽ ക്രയസർട്ടിഫിക്കറ്റ് അനുവദിക്കുന്ന പ്രക്രിയയാണ് ലാൻഡ് ട്രൈബ്യൂണലുകളിൽ നിർവ്വഹിച്ചുവരുന്നത്. ഭൂപരിഷ്കരണ നിയമത്തിന്റെ വകുപ്പ് 101(1) പ്രകാരം ലാൻഡ് ട്രൈബ്യൂണലുകൾക്ക് സിവിൽ കോടതിയുടെ അധികാരങ്ങളാണുള്ളത്.

സെക്ഷൻ ഓഫീസർ